**<u>15 –ാം കേരള നിയമസഭ</u>**

**<u>10 –ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 477</u>** **<u>30-01-2024 - ൽ മറുപടിയ്ക്ക്</u>**

**<u>സാമൂഹ്യ സുരക്ഷാ പെൻഷൻ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിലുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണം വ്യക്തമാക്കാമോ; | (എ) | തദ്ദേശ സ്വയംഭരണ സർക്കാർ വഴി നടപ്പിലാക്കിയിരിക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകൾ, സർക്കാർ ധനസഹായമുപയോഗിച്ച് പ്രവർത്തിക്കുന്ന 16 ക്ഷേമനിധി ബോർഡുകൾ വഴി വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡ് പെൻഷനുകൾ സാംസ്കാരിക വകുപ്പ് മുഖേനയുള്ള കലാകാര പെൻഷൻ, അവശകലാകാര പെൻഷൻ, തൊഴിലും നൈപുണ്യവും വകുപ്പ് മുഖേനയുള്ള മരംകയറ്റ തൊഴിലാളി ക്ഷേമ പെൻഷൻ, കായിക യുവജനക്ഷേമം വകുപ്പ് മുഖേനയുള്ള സർക്കസ് പെൻഷൻ, അവശ കായികതാര പെൻഷൻ, പിന്നാക്ക വിഭാഗ വികസ വകുപ്പ് മുഖേനയുള്ള വിശ്വകർമ്മ പെൻഷൻ, തനത്ഫണ്ട് ഉപയോഗിച്ച് ക്ഷേമനിധി ബോർഡുകൾ വിതരണം ചെയ്യുന്ന ക്ഷേമനിധി പെൻഷനുകൾ എന്നിവയാണ് സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ ഗണത്തിൽപ്പെടുന്നത്. ഇതിൽ 2023 ആഗസ്റ്റ് മാസത്തെ കണക്ക് പ്രകാരം തദ്ദേശ സ്വയംഭരണ സർക്കാർ വഴി വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകൾ 4511117 ഗുണഭോക്താക്കൾക്കും സർക്കാർ ധനസഹായമുപയോഗിച്ച് പ്രവർത്തിക്കുന്ന 16 ക്ഷേമനിധി ബോർഡുകൾ വഴി വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡ് പെൻഷനുകൾ 566941 ഗുണഭോക്താക്കൾക്കും അനുവദിച്ചിട്ടുണ്ട്.<br><br>സാംസ്കാരിക വകുപ്പ് മുഖേന 2243 പേർക്ക് കലാകാര പെൻഷനും, 208 പേർക്ക് അവശകലാകാര പെൻഷനും, തൊഴിലും നൈപുണ്യവും വകുപ്പ് മുഖേന 1313 പേർക്ക് മരംകയറ്റ തൊഴിലാളി ക്ഷേമ പെൻഷനും നൽകുന്നുണ്ട്.<br><br>കായിക യുവജനക്ഷേമം വകുപ്പ് മുഖേന 1323 പേർക്ക് സർക്കസ് പെൻഷനും 102 പേർക്ക് അവശ കായികതാര പെൻഷനും, പിന്നാക്ക വിഭാഗ വികസ വകുപ്പ് മുഖേന 311 പേർക്ക് വിശ്വകർമ്മ പെൻഷനും നൽകി വരുന്നു.<br><br>തനത്ഫണ്ട് ഉപയോഗിച്ച് 13 ക്ഷേമനിധി ബോർഡുകൾ വഴി വിതരണം ചെയ്യുന്ന ക്ഷേമനിധി പെൻഷനുകൾ 482615 ഗുണഭോക്താക്കൾക്കും അനുവദിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധം -1 ആയി ചേർക്കുന്നു. |
| (ബി) | സാമൂഹ്യ സുരക്ഷാ പെൻഷൻ കേന്ദ്രവിഹിതം ഓരോ വിഭാഗത്തിലും എത്ര രൂപയാണ്; ആയത് കേന്ദ്രം നേരിട്ട് വിതരണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ എന്നീ മൂന്നിനം സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്കാണ് കേന്ദ്രസഹായം ലഭിക്കുന്നത്. കേന്ദ്ര വിഹിതത്തിന്റെ വിശദാംശങ്ങൾ അനുബന്ധം **2**-ൽ ഉൾപ്പെടുത്തിയിരിക്കുന്നു. കേന്ദ്രവിഹിതവും ഇപ്പോൾ സംസ്ഥാനം തന്നെയാണ് മുൻകൂറായി വിതരണം ചെയ്യുന്നത്. ഈ തുക സംസ്ഥാനത്തിന് കേന്ദ്രം റീ-ഇംബേഴ്സ്മെന്റായി അനുവദിക്കേണ്ടതുണ്ട്.<br><br>**<u>അനുബന്ധം 2</u>** |

| പെൻഷൻ ഇനം | പെൻഷൻ ഉപ വിഭാഗം | പ്രതിമാസ സംസ്ഥാന വിഹിതം (രൂപ) | പ്രതിമാസ കേന്ദ്ര വിഹിതം (രൂപ) | ആകെ (രൂപ) |
|---|---|---|---|---|
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | പ്രായം 60 മുതൽ 79 വയസ്സ് വരെ | 1400 | 200 | 1600 |
| | പ്രായം 80 വയസ്സും അതിനു മുകളിലും | 1100 | 500 | 1600 |
| ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | അംഗ പരിമിതി 80% ഉം അതിനു മുകളിലും (18 വയസ്സ് മുതൽ ) | 1300 | 300 | 1600 |
| ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 40 വയസ്സും അതിനു മുകളിലും | 1300 | 300 | 1600 |
| കർഷക തൊഴിലാളി പെൻഷൻ | | 1600 | 0 | 1600 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിത പെൻഷൻ | | 1600 | 0 | 1600 |

(സി) കേന്ദ്ര വിഹിതം ഏത് മാസം വരെ ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്; എത്ര പേർക്കാണ് കേന്ദ്ര വിഹിതം വിതരണം ചെയ്യുന്നത്; വ്യക്തമാക്കാമോ?

(സി) 2020-21 സാമ്പത്തിക വർഷത്തിന്റെ നാലാം പാദം, 2021-22 സാമ്പത്തിക വർഷം, 2022-23 സാമ്പത്തിക വർഷം, 2023-24 സാമ്പത്തിക വർഷത്തിന്റെ ഒന്നാം പാദം വരെയുള്ള കേന്ദ്രവിഹിതം കുടിശ്ശിക തുകയായ 602 കോടി രൂപ നിരവധി തവണ ആവർത്തിച്ച് ആവശ്യപ്പെട്ടതിന്റെ ഫലമായി 2023 ഒക്ടോബർ മാസത്തിൽ മാത്രമാണ് കേന്ദ്രത്തിൽ നിന്നും അനുവദിച്ചിട്ടുള്ളത്. 2023 ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ കേന്ദ്ര വിഹിതവും സംസ്ഥാന സർക്കാർ തന്നെ ഗുണഭോക്താക്കൾക്ക് ഇതിനോടകം അനുവദിച്ചിട്ടുണ്ട്. ഇതിന്റെ കേന്ദ്രവിഹിതം ലഭ്യമായിട്ടില്ല. 2023 ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ കേന്ദ്രവിഹിത കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നം. | പെൻഷൻ ഇനം | കേന്ദ്ര വിഹിതം ലഭിക്കുന്ന ഗുണഭോക്താക്കളുടെ എണ്ണം | കേന്ദ്ര വിഹിത പെൻഷൻ തുക (രൂപയിൽ ) |
|---|---|---|---|

| | | | |
|---|---|---|---|
| 1. | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 342032 | 13,68,12,800/- |
| | | 116781 | 11,67,81,000/- |
| 2. | ഇന്ദിരാ ഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 66928 | 4,01,56,800/- |
| 3. | ഇന്ദിരാ ഗാന്ധി ദേശീയ വിധവാ പെൻഷൻ | 320715 | 19,24,29,000/- |
| | **ആകെ** | 8,46,456 | 48,61,79,600/- |

സെക്ഷൻ ഓഫീസർ

| അനുബന്ധം – 1 | | |
|---|---|---|
| നം | ക്ഷേമനിധി ബോർഡുകൾ | എണ്ണം |
| 1 | അൺ അറ്റാച്ച്ഡ് വിഭാഗം | 13342 |
| 2 | കേരള അബ്കാരി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് | 856 |
| 3 | കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രകഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് | 361893 |
| 4 | കേരള സ്റ്റേറ്റ് കൾച്ചറൽ ആക്ടിവിസ്റ്റ് വെൽഫെയർ ഫണ്ട് ബോർഡ് | 3855 |
| 5 | കേരള മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ് വെൽഫെയർ ഫണ്ട് ബോർഡ് | 10566 |
| 6 | കേരള സ്റ്റേറ്റ് അങ്കണവാടി വർക്കേഴ്സ് ആന്റ് വെൽഫെയർ ഫണ്ട് ബോർഡ് | 15491 |
| 7 | കേരള റ്റോഡി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് | 20646 |
| 8 | കേരള റേഷൻ ഡീലേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് | 1203 |
| 9 | കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വെൽഫെയർ ഫണ്ട് ബോർഡ് | 5638 |
| 10 | കേരള അഡ്വക്കേറ്റ് ക്ലർക്ക് ക്ഷേമനിധി കമ്മിറ്റി | 448 |
| 11 | ദി കേരള നോൺ-റസിഡന്റ്സ് കേരളൈറ്റ്സ് | 47140 |
| 12 | കേരള ഡോക്കുമെന്റ് റൈറ്റേഴ്സ് -സ്ക്രൈബ്സ് അന്റ് സ്റ്റാമ്പ് വെണ്ടേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് | 111 |
| 13 | കേരള മദ്രസ അദ്ധ്യാപക ക്ഷേമ നിധി ബോർഡ് | 1426 |
| | **ആകെ** | **482615** |